LIBRARY ARCHIVES Kerala Legislative Assembly

## ധനകാര്യ വകുപ്പിന് കീഴിൽ നികതി മേൽനോട്ട സമിതി

97 (1923) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ധനകാര്യവകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന നികതി മേൽനോട്ടസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ;

(ബി) നിലവിൽ ഈ സമിതിയിൽ എത്ര അംഗങ്ങൾ ഉണ്ട് ; അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സമിതി, രൂപീകരണശേഷം ഇതുവരെയുള്ള കാലയളവിൽ എത്ര തവണ യോഗം ചേർന്നിട്ടുണ്ട് ;

(ഡി) ഓരോ യോഗത്തിലും വിശകലനം ചെയ്ത വിഷയങ്ങളും സർക്കാരിന് നല്കിയ നിർദ്ദേശങ്ങളും വിശദമാക്കാമോ ;

(ഇ) ഇവയിൽ സർക്കാർ നടപ്പിലാക്കിയതും അല്ലാത്തതുമായ നിർദ്ദേശങ്ങൾ ; ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) നികതി വകുപ്പിന് കീഴിൽ നികതി മേൽനോട്ട സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആദ്യ യോഗം 21-12-2011-ന് ചേർന്നു.

(ബി) 17 അംഗങ്ങൾ. വിവരം ചുവടെ കൊടുക്കുന്നു:

1. ധനകാര്യ മന്ത്രി, ചെയർമാൻ
2. ധനകാര്യ വകുപ്പ് സെക്രട്ടറി, വൈസ് ചെയർമാൻ
3. നികതി വകുപ്പ് സെക്രട്ടറി, കൺവീനർ
4. നിയമ വകുപ്പ് സെക്രട്ടറി
5. ഡയറക്ടർ, ഗിഫ്റ്റ്
6. വാണിജ്യ നികതി വകുപ്പ് കമ്മീഷണർ
7. എക്സൈസ് വകുപ്പ് കമ്മീഷണർ
8. കമ്മീഷണർ, ഗതാഗത വകുപ്പ്
9. ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
10. ഡോ. രാമലിംഗം, അസോസിയേറ്റ് പ്രൊഫസർ, ഗിഫ്റ്റ്
11. ഡോ. തോമസ് ജോസഫ് തൂങ്കുഴി, രജിസ്ട്രാർ, ഗിഫ്റ്റ്
12. നികതി വകുപ്പ്, സ്പെഷ്യൽ ഗവ. പ്ലീഡർ, ഹൈക്കോടതി

13. ശ്രീ. ആർ. കൃഷ്ണയ്യർ, ചാർട്ടേർഡ് അക്കൗണ്ടന്റ്
14. ശ്രീ. ഇ. എം. നജീബ്, എയർ ട്രാവൽസ് & എന്റർപ്രൈസസ്, തിരുവനന്തപുരം
15. ശ്രീ. എ. ബാബു, ചാർട്ടേർഡ് അക്കൗണ്ടന്റ്
16. ശ്രീ. വക്കച്ചൻ മറ്റത്തിൽ, എക്സ് എം.പി.
17. ശ്രീ. ആനന്ദ കുമാർ, തിരുവനന്തപുരം

(സി) 8 തവണ.

(ഡി&ഇ) ഓരോ യോഗത്തിലും വിശകലനം ചെയ്ത വിഷയങ്ങളും സമിതിയുടെ നിർദ്ദേശങ്ങളും (നടപ്പിലാക്കിയതും അല്ലാത്തതുമായവ) അനുബന്ധമായി* ചേർക്കുന്നു.

## സർക്കാരിലേയ്ക്ക് പണയപ്പെടുത്തിയ വസ്തുവിന്റെ രണ്ടാം മോർട്ട്ഗേജ്

98 (1924) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിനുമായി നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാർക്ക് വായ്പ നൽകുന്നതിന് എസ്.ബി.ഐ. ഉൾപ്പെടെയുള്ള പ്രധാന ബാങ്കുകൾ വിമുഖത കാണിക്കുന്നതും പ്രസ്തുത ഉത്തരവ് പ്രകാരം ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കാൻ നൽകിയ 31-5-2014-ലെ നമ്പർ 52-2014-ധന. നമ്പർ സർക്കുലറിലെ നിർദ്ദേശം പാലിയ്ക്കാൻ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാകാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സർക്കുലർ നിർദ്ദേശം പാലിച്ച് ജീവനക്കാർക്ക് ധനകാര്യ സ്ഥാപനങ്ങൾ വായ്പ ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിന് താഴെ പറയുന്ന ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly